# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2067. 18.06.2013 ൽ മറുപടിയ്ക്ക്.

## സ്കൂൾ വാഹനങ്ങളുടെ യാത്രാ സുരക്ഷ

| ചോദ്യം<br>ശ്രീ.കെ. രാജു | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സ്കൂൾ വാഹനങ്ങളുടെ യാത്ര സുരക്ഷിതമാക്കു ന്നതിന് മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി സ്കൂൾവാഹനങ്ങളുടെ ഓരോ ഭാഗവും പരിശോധനയ്ക്ക് വിധേയമാക്കി അവ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ സ്കൂൾ വാഹനത്തിന് പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്.<br>(1) വാഹനം 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 (ഡി) യിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ .<br>(2) വാഹനം 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 290, 291 എന്നിവയിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ .<br>(3) വാഹനത്തിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും, ആയത് പ്രവർത്തിക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്താറുണ്ട്. കൂടാതെ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ എല്ലാ മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലത്തിന് മുൻപ്, വാഹനങ്ങളുടെ തേഞ്ഞ് പോയ ടയർ, വൈപ്പർ, ഹെഡ് ലൈറ്റ് എന്നിവയുടെ തകരാറുകൾ പരിഹരിക്കുവാനും വാഹനങ്ങളുടെ ബ്രേക്ക് സംവിധാനം ശരിയാംവണ്ണം സുരക്ഷിത മാണോ എന്ന് പരിശോധിക്കാനും ഒരു പ്രീ മൺസൂൺ പരിശോധന നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1989 ലെ കേരള മോട്ടോർ വാഹന ചട്ടം 290 (1) പ്രകാരം എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസിലെ സീറ്റിംഗ് കപ്പാസിറ്റി 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 267നും, 268നും അനുസൃതമായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 290 (2) പ്രകാരം എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളുടെ നിറം ക്രീം മഞ്ഞയായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 291 അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് വ്യക്തമായി വാഹനത്തിന്റെ പുറകിലും, മുൻവശത്തും, മുകളിലായും, വാഹനത്തിന്റെ ഇടതു ഭാഗത്തും തിരശ്ചീനമായി എഴുതി പ്രദർശിപ്പിച്ചിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.<br>30/01/2012 തീയതിയിലെ ജി. ഒ. (പി) നം.03/2012/ട്രാൻ പ്രകാരം സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ടു പോകുന്ന മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്.<br>10.05.2012 തീയതിയിലെ ജി.ഒ(പി) നം.25/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് വഴി 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 ഭേദഗതി ചെയ്യുകയും താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്കൂൾ ബസുകൾക്കുള്ള പെർമിറ്റ് കണ്ടീഷനാക്കുകയും ചെയ്തിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻപിൻ ഭാഗങ്ങളിൽ മുകളിലായി പ്രദർശിപ്പിച്ചിരിക്കണം.<br>(ബി) 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 151ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.<br>(സി) സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.<br>(ഡി) വാഹനത്തിന് ഫയർ എക്സ്റ്റിൻഗ്വിഷർ സജ്ജീകരിച്ചിരിക്കണം.<br>(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.<br>(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.<br>(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.<br>(എച്ച്). കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു |

| | | |
|---|---|---|
| | | അറ്റൻഡന്റ് ഉണ്ടായിരിക്കണം.<br>(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി രക്ഷാകർത്താക്കൾ, മാതാപിതാക്കൾ എന്നിവരിലാരെങ്കിലും വാഹനത്തിൽ സഞ്ചരിക്കണം.<br>(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.<br>(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല. കൂടാതെ അമിതവേഗതയിലോ മദ്യപിച്ചോ അപകടകരമായ രീതിയിലോ വാഹനം ഓടിച്ച കുറ്റത്തിന് ഒരു പ്രാവശ്യമെങ്കിലും പിഴ ഒടുക്കേണ്ടി വന്നിട്ടുള്ള വ്യക്തിയെ ഡ്രൈവർ ആയി നിയമിക്കാൻ പാടില്ല.<br>(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദ വിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ (ബന്ധപ്പെടുന്നതിനായി) തുടങ്ങിയ വിവരങ്ങൾ ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് സൂക്ഷിച്ചിരിക്കണം.<br>(എം). വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ അധികൃതർ/പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.<br>മേൽ പറഞ്ഞവ കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 09/02/2010 തീയതിയിലെ തീരുമാനത്തിലൂടെ താഴെ പറയുന്ന നടപടികൾ കൂടി സ്വീകരിച്ചിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന വാഹനത്തിലെ യാത്രക്കാരുടെ എണ്ണം 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 221ൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനെക്കാളും കൂടുതലാകാൻ പാടുള്ളതല്ല. |

| | | |
|---|---|---|
| | | (ബി) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിന്റെ ഓരോ കവാടത്തിനും ഡോറുകൾ ഉണ്ടായിരിക്കണം.<br>(സി) ബസിലെ അറ്റൻഡർ കുട്ടികളെ വാഹനത്തിൽ കയറുന്നതിനും, ഇറങ്ങുന്നതിനും, റോഡ് മുറിച്ച് കടക്കുന്നതിനും സഹായിക്കേണ്ടതാണ്.<br>സ്കൂൾ ബസുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്ത് മേൽപറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്.<br>1988ലെ മോട്ടോർ വാഹന നിയമത്തിലെ 59-ാം വകുപ്പ് പ്രകാരം വാഹനത്തിന്റെ കാലപരിധി നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ആയതുകൊണ്ട് തന്നെ കാലപ്പഴക്കമുള്ള സ്കൂൾ ബസുകളെ നിരോധിക്കുന്ന കാര്യത്തിൽ മോട്ടോർ വാഹന വകുപ്പിന് പരിമിതികളുണ്ട്. |
| (ബി) ആയത് സംബന്ധിച്ച് സ്കൂൾ മേലധികാരികൾക്ക് സർക്കാർ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. പകർപ്പുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**